# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4315   13/12/2018-ൽ മറുപടി നൽകേണ്ടിയിരുന്നത്**

**കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. അടൂർ പ്രകാശ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് എന്ന സ്ഥാപനത്തിന് അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കോമ്പൗണ്ടിൽ വസ്തുവകകളോ തിരുവനന്തപുരം കോർപ്പറേഷനിൽ കരം ഒടുക്കുന്ന കെട്ടിടങ്ങളോ ഉണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച കെട്ടിട നമ്പർ, സർവ്വേ നമ്പർ എന്നിവ വിശദമാക്കാമോ; | (എ) | എ.സി.എസ്.റ്റി.ഐ കോമ്പൗണ്ടിൽ സീമാറ്റിന് യാതൊരു വസ്തുവകയും ഇല്ല. കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് എന്ന സ്ഥാപനത്തിന് പ്രവർത്തിക്കുന്നതിനായി അനുവദിച്ച് നൽകിയിരുന്ന 1120(2) നമ്പർ കെട്ടിടത്തിന് തിരുവനന്തപുരം കോർപ്പറേഷനിൽ കെട്ടിട നികുതി ഒടുക്കി വരുന്നതാണ്.<br>സർവ്വേ നമ്പർ : 458/2 |
| (ബി) | സീമാറ്റ് (CIMAT) എന്ന സ്ഥാപനം ആരംഭിച്ചപ്പോൾ എം.ബി.എ. കോഴ്സ് തുടങ്ങാൻ സെന്റർ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ മുമ്പാകെ സമർപ്പിച്ച ആസ്തികൾ വിശദമാക്കാമോ; | (ബി) | 1) CIMAT-ന്റെയും AICTE യുടേയും പേരിൽ സ്ഥാപനത്തിന്റെ establishment-നായി 15.00 ലക്ഷം രൂപയുടെ DJCC (Diamond Jubilee Cash Certificate)<br>2) AICTE-ൽ നിന്നുമുള്ള സ്ഥാപനത്തിന്റെ അംഗീകാരത്തിനായി 29.06.2010-ൽ 15 ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപം.<br>3) കോളേജിന്റെ അംഗീകാരത്തിനായി 03.12.2010-ൽ 10 ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപം. |

| | | | |
|---|---|---|---|
| (സി) | സീമാറ്റ്- ന്റെ പേരിൽ രജിസ്റ്റർ ചെയ്ത ചാരിറ്റബിൾ സൊസൈറ്റി നിലവിലുണ്ടോ; നിലവിലുണ്ടെങ്കിൽ ആസ്തി ബാദ്ധ്യതകൾ വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അതിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | ഉണ്ട്. എന്നാൽ ആസ്തി ബാധ്യതകൾ എ.സി.എസ്.റ്റി.ഐ യുടെ ആസ്തി ബാധ്യതകളിലേക്ക് മാറ്റിയിട്ടുണ്ട്. |
| (ഡി) | സീമാറ്റ് എന്ന സ്ഥാപനം പ്രവർത്തിച്ചിരുന്നപ്പോൾ ഈ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സംസ്ഥാന സഹകരണ ബാങ്കാണോ നൽകിയിരുന്നത്; | (ഡി) | അല്ല. |
| (ഇ) | സീമാറ്റ്-ന്റെ പേരിലുള്ള വസ്തുവകകൾ സ്ഥാപനത്തിനു വേണ്ടി പുതുതായി രൂപീകരിക്കുന്ന സൊസൈറ്റി/ട്രസ്റ്റിന് കൈമാറാൻ സാധിക്കുമോ; വ്യക്തമാക്കാമോ; | (ഇ) | സീമാറ്റിന്റെ പേരിൽ നിലവിൽ വസ്തു വകകൾ ഇല്ല. |
| (എഫ്) | പുതുതായി രൂപീകരിക്കുന്ന സൊസൈറ്റിയിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിടുമോ; പി.എസ്.സി. വഴി റിക്രൂട്ട്മെന്റ് സാധ്യമാകുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിയമനം നടത്തുമോയെന്ന് വ്യക്തമാക്കുമോ? | (എഫ്) | 30.11.2018-ൽ സ്വയംഭരണാധികാര സ്ഥാപനമായി മാറിയ എ.സി.എസ്.റ്റി.ഐ-യിലെ നിയമനങ്ങളെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ